മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സംസ്ഥാനത്ത് 58 സ്ഥലങ്ങളിൽ പുതിയതായി പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് പുതുക്കിയ മുൻഗണനാക്രമം അനുസരിച്ച് അനുമതി നൽകിയിട്ടുണ്ട്. അതിൽ 28-ാമത്തെ സ്ഥലമാണ് കയ്പമംഗലം. ഇതിന് ആവശ്യമായ പുതിയ പോസ്റ്റുകൾ അനുവദിക്കണം. ബാക്കിയുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് ഒക്കെ വേണം. ഏതായാലും മുൻഗണനാ ലിസ്റ്റിൽ ഉണ്ട്, അതിന്റെ പരിഗണന വച്ച് ഇക്കര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) ക്ഷീരകർഷകർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ

ശ്രീ. പി. ജെ. ജോയി: സർ, കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന ക്ഷീര കർഷകരുടെ വളരെ പ്രധാനപ്പെട്ട ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ക്ഷീരകർഷകർ ഇന്ന് വരവും ചെലവും കൂട്ടിമുട്ടിക്കാൻ വളരെയധികം കഷ്ടപ്പെടുകയാണ്. അതുകൊണ്ട് പാലിന് ഒരു രൂപയെങ്കിലും വില വർദ്ധിപ്പിച്ച് നൽകണം. അതുപോലെതന്നെ ത്രിതല പഞ്ചായത്തുകളുടെ വ്യക്തിഗത ആനുകൂല്യം ഇന്ന് ബി.പി.എൽ. കാർഡ് ഉള്ളവർക്ക് മാത്രമാണ് ലഭിക്കുന്നത്. എല്ലാ പാൽ ഉൽപ്പാദകരായ കർഷകർക്കും അതിന്റെ സഹായം ലഭ്യമാക്കാൻ കഴിയണം. ആപ്കോസ് സഹകരണ സംഘങ്ങൾക്കും ത്രിതല പഞ്ചായത്തുകളുടെ സഹകരണം ലഭ്യമാകത്തക്ക വിധത്തിൽ നിയമഭേദഗതി വരുത്തണം. അതോടൊപ്പംതന്നെ ക്ഷീരകർഷകരുടെ ക്ഷേമനിധിയെ കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞതാണ്. അത് നടപ്പാക്കാനുള്ള നിയമനിർമ്മാണം അടിയന്തിരമായി നടത്തണം. അങ്ങനെ ക്ഷീരകർഷകരെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കേരളത്തിൽ 3300-ഓളം സഹകരണ സംഘങ്ങളിലായി രണ്ടുലക്ഷത്തിൽപ്പരം ക്ഷീരകർഷകരാണുള്ളത്. സഹകരണ സംഘങ്ങളിൽ ഇല്ലാത്ത കർഷകരെ സംബന്ധിച്ച് ഗവൺമെന്റിന് ഒരു സ്കീം ഇല്ല. അതുകൊണ്ട് സഹകരണ സംഘങ്ങളിൽ ഇല്ലാത്ത കർഷകരെ സംബന്ധിച്ച് ഇന്ന് കേന്ദ്ര ഗവൺമെന്റ് ഡിക്ലയർ ചെയ്തിരിക്കുന്ന ഇൻഷ്വറൻസ് സ്കീമിൽ പകുതി തുക അടച്ചാൽ കർഷകർക്ക് അംഗങ്ങളാകാവുന്നതാണ്. അവർ പകുതി അടച്ചാൽ 'ജനശ്രീ ഭീമായോജന' എന്ന പേരിൽ അറിയപ്പെടുന്ന ഈ സ്കീമിൽ നിന്നും ഇൻഷ്വറൻസ് ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. 3300-ഓളം സംഘങ്ങളിൽ 'ആപ്കോസും ' ഓർഡിനറി സംഘങ്ങളുമുണ്ട്. ഈ സംഘങ്ങളിൽപ്പെട്ട കൃഷിക്കാരെ സംബന്ധിച്ച് സഹകരണ സംഘങ്ങളുടെ കീഴിൽ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പെൻഷൻ സ്കീം നൽകുന്നതിന് ആവശ്യമായ നടപടികളെടുത്ത് നിയമം ഉണ്ടാക്കി ലാ ഡിപ്പാർട്ടുമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ സമ്മേളനത്തിൽത്തന്നെ ഇത് ബില്ലായി അവതരിപ്പിക്കാൻ ആവശ്യമായിട്ടുള്ള നടപടികളെടുക്കും. കേരള വികസന പദ്ധതിയിൽ പഞ്ചായത്തുകളും മറ്റു ജനാധിപത്യ സ്ഥാപനങ്ങളും മുമ്പ് കൊടുത്തുകൊണ്ടിരുന്ന സഹായങ്ങൾ നിർത്തിവച്ച ഒരു

LIBRARY ARCHIVES Kerala Legislative Assembly

നടപടിയുണ്ടായിരുന്നു. ഗവൺമെന്റ് ഇപ്രാവശ്യം അവർക്ക് സഹായം കൊടുക്കുന്നതിനും അനുമതി കൊടുത്തുകൊണ്ടുള്ള നടപടി എടുത്തിട്ടുണ്ട്. കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന സംഘങ്ങൾക്ക് മാത്രമാണ് ഇത് കൊടുക്കുന്നത്. അതുകൊണ്ട് അത് പുനഃപരിശോധന നടത്തുന്നതിനാവശ്യമായിട്ടുള്ള നടപടികൾ എടുക്കുന്നുണ്ട്. കൃഷിക്കാർ പാലിന്റെ വില ഒരു രൂപ കൂടുതൽ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വർദ്ധനവ് സംബന്ധിച്ച് മിൽമയും റെക്കമെന്റ് ചെയ്തിട്ടുണ്ട്. ഗവൺമെന്റ് അതിനെപ്പറ്റിയുള്ള തീരുമാനവും അടുത്തുതന്നെ എടുക്കും.

(8) പ്രവാസിമലയാളികളുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള കമ്മിഷൻ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വിദേശത്ത് ജോലിചെയ്യുന്നവരും ജോലിയിൽനിന്ന് തിരിച്ചുവന്നവരുമായ പ്രവാസികളായ ആളുകൾക്ക് ധാരാളം പ്രശ്നങ്ങൾ ഉണ്ടെന്ന് എല്ലാപേർക്കും അറിയാം. ആ പ്രശ്നങ്ങളുടെ സ്ഥായീസ്വഭാവവും വൈപുല്യവും സങ്കീർണ്ണതയും കണക്കിലെടുത്ത് ആഴത്തിൽ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയമിക്കേണ്ട ആവശ്യമാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പിൽ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രവാസികളായ മലയാളികൾ വിദേശത്ത് ജോലി ചെയ്യുന്നവരും വിദേശത്തുപോയി മടങ്ങിവന്നിട്ടുള്ളവരും അതിന് പുറമേ കേരളത്തിന് പുറത്തുള്ള മറുനാടൻ മലയാളികൾ ഈ മൂന്ന് വിഭാഗത്തിൽപ്പെട്ട ആളുകളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് രൂപീകരിച്ചിട്ടുള്ളത്. അതിന്റെ ആഭിമുഖ്യത്തിൽ ഇന്ന് ഇപ്പോൾ റൂട്ട്സ് എന്നുപറയുന്ന ഒരു ഏജൻസി ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടിയുണ്ട്. ഇപ്പോൾത്തന്നെ വളരെയേറെ ആശ്വാസകരമായ പ്രവർത്തനങ്ങൾ മറുനാടൻ മലയാളികൾക്കായി ഒരു ക്ഷേമനിധി ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. സുനാമി വന്ന സമയത്ത് മദ്രാസിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് മൂന്നുലക്ഷത്തി അറുപതിനായിരം രൂപ ഈ ഫണ്ടിൽനിന്ന് കൊടുത്തു. അതുപോലെതന്നെ സാമൂഹ്യസുരക്ഷാ പദ്ധതി, പ്രവാസി സ്വാശ്രയ എമർജൻസി റീപാർട്ടിയേഷൻഫണ്ട്, ഇത് ആരെങ്കിലുമൊക്കെ കബളിപ്പിച്ച് മറ്റു രാജ്യങ്ങളിൽപ്പോയി തിരിച്ചുവരാൻ സാധിക്കാതെവരുന്ന ആൾക്കാരെ തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ഫണ്ട്, അതുപോലെ വിദേശത്തുവച്ച് മരിക്കുന്നവരുടെ മൃതദേഹം കൊണ്ടുവരുന്നതിനുള്ള പ്രത്യേക സഹായം, അതിനുവേണ്ടി ഒരു പ്രത്യേക തുകതന്നെ ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അങ്ങനെ പലവിധത്തിലുള്ള പരിപാടികൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം ഗവൺമെന്റ് നേരിട്ട് അത് സംബന്ധിച്ച് ഒരു മറുപടി പറയുന്നില്ല. പക്ഷേ അത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ചചെയ്യാൻവേണ്ടി പ്രവാസി സംഘടനകളുടെ ഒരു യോഗം ഉടനെതന്നെ വിളിച്ചുകൂട്ടി ഇന്ന് നടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly